പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5964 — 8/7/2013- ൽ മറുപടിക്ക്

## വളർത്തുമൃഗങ്ങളെ ബാധിക്കുന്ന രോഗങ്ങൾ നിയന്ത്രിക്കുന്നതിന് നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. ഹംസ: | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ വളർത്തുമൃഗങ്ങളെ ബാധിക്കുന്ന കാലിവസന്ത, കുളമ്പു രോഗം എന്നീ രോഗങ്ങളെ നിയന്ത്രിക്കുന്നതിനായി നിലവിൽ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ വളർത്തുമൃഗങ്ങളെ ബാധിക്കുന്ന കാലിവസന്ത, കുളമ്പുരോഗം എന്നീ രോഗങ്ങളെ നിയന്ത്രിക്കുന്നതിനായി റിന്റർപെസ്റ്റ് ഇറാഡിക്കേഷൻ പ്രോഗ്രാമായ എൻ.പി.ആർ.ഇ., സമ്പൂർണ്ണ കുളമ്പുരോഗ നിർമ്മാർജ്ജന പദ്ധതിയായ എഫ്.എം.-ഡി.സി.പി, ഗോരക്ഷ എന്നീ പദ്ധതികൾ വഴി പ്രസ്തുത രോഗങ്ങൾ നിയന്ത്രിച്ചു വരുന്നു. |
| (ബി) സംസ്ഥാനത്തു നിന്നും കാലിവസന്ത പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യുവാനായി എന്തെല്ലാം പദ്ധതികൾ ആണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്; അതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) റിന്റർപെസ്റ്റ് ഇറാഡിക്കേഷൻ പ്രോഗ്രാം നടപ്പിലാക്കുകയും, പ്രസ്തുത രോഗം നിർമ്മാർജ്ജനം ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത രോഗത്തിന്റെ സീറോ സർവ്വേലൻസ് തുടർന്നു വരുന്നു. ഇതിലേക്കായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) കുളമ്പുരോഗ നിയന്ത്രണ പരിപാടി സംബന്ധിച്ച ആക്ഷേപങ്ങൾ ശ്രദ്ധയിലുണ്ടോ; പ്രസ്തുത പദ്ധതിക്കായി എത്ര രൂപയാണ് കേന്ദ്ര സഹായമായി ലഭിച്ചത്; അതുപയോഗിച്ച് എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കി എന്ന് വ്യക്തമാക്കാമോ? | (സി) ഉണ്ട്. കുളമ്പുരോഗ നിയന്ത്രണ പദ്ധതിക്കായി 2012-13 കാലയളവിൽ 122.41 ലക്ഷം രൂപ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുക വാക്സിനേഷൻ സ്ക്വാഡുകളുടെ ട്രാൻസ്പോർട്ടേഷൻ ചെലവുകൾ, വാക്സിനേഷനുവേണ്ട സാധന സാമഗ്രികൾ വാങ്ങുന്നതിനുള്ള ചെലവുകൾ, രോഗനിയന്ത്രണ ചെലവുകൾ, മറ്റു യാദൃശ്ചിക ചെലവുകൾ, പബ്ലിസിറ്റി ചെലവുകൾ എന്നിവയ്ക്കായി പൂർണ്ണമായി ഉപയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ